കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# അബ്ദുല്ലാഹിബ്നു സുബൈർ

**ജനനംകൊണ്ടും** കുടുംബമഹിമകൊണ്ടും അനുഗൃഹീതനായ സ്വഹാബി പ്രമുഖൻ. നബിയുടെ പിതൃസഹോദരി സ്വഫിയ്യയുടെ മകനും നബി പത്നി ഖദീജ(റ)യുടെ സഹോദരപുത്രനുമായ പിതാവ് സുബൈർ, നബിയുടെ ആദ്യകാല സഹായികളിൽ പെട്ട സ്വഹാബിയാണ്. നബി പത്നി ആഇശ(റ)യുടെ ജ്യേഷ്ഠസഹോദരിയും ഒന്നാം ഖലീഫ അബൂബക്കർ സിദ്ദീഖിന്റെ മൂത്തമകളുമായ അസ്മാഅ് ആണ് മാതാവ്. നബിയുടെയും പിതാവായ അബൂബക്കർ സിദ്ദീഖിന്റെയും ഹിജ്റയുടെ തുടക്കത്തിൽ ഏറെ ത്യാഗങ്ങൾ സഹിച്ചാണ് അസ്മാഅ് അതീവ രഹസ്യമായി ദൂരദിക്കിലെ സൗർ ഗുഹയിൽ ഒളിവിൽ കഴിഞ്ഞിരുന്ന അവർക്ക് നിത്യേന ഭക്ഷണം എത്തിച്ചു കൊടുത്തിരുന്നത്. ഹിജ്റാനന്തരം മദീനയിൽ ആദ്യമായി ഒരു മുസ്ലിം ശിശുവിനെ പ്രസവിച്ചതും അവർ തന്നെ; കഥാപുരുഷനായ അബ്ദുല്ലാഹിബ്നുസ്സുബൈറിനെ.

ഇബ്നുസ്സുബൈർ ജനിച്ചപ്പോൾ മദീനയിലെ മുസ്ലിംകൾ അതൊരു ആഹ്ലാദദിനമായി ആഘോഷിച്ചു. അതിനൊരു കാരണവുമുണ്ടായി. മുഹമ്മദിനെയും അനുയായികളെയും ഞങ്ങൾ മാരണം ചെയ്തിരിക്കയാൽ ഈ നാട്ടിൽ അവർക്കാർക്കും തന്നെ സന്താനങ്ങൾ ജനിക്കില്ലെന്ന് ജൂതന്മാർ പറഞ്ഞ് പരത്തിയിരുന്നു.

സന്തോഷവാനായ നബി(സ) ശിശുവിനെ തന്റെ മടിയിലിരുത്തി. ഒരു കാരക്കച്ചീന്ത് ചവച്ചു കുട്ടിയുടെ വായിൽ വെച്ച് കൊടുത്തു. പിന്നെ കുട്ടിയുടെ ശരീരം തടവുകയും അവന് വേണ്ടി പ്രാർഥിക്കുകയും അബ്ദുല്ലാ എന്ന് പേരിടുകയും ചെയ്തു. കുട്ടിയുടെ ചെവിയിൽ ബാങ്ക് വിളി കേൾപ്പിക്കാൻ മാതാമഹനായ അബൂബക്കർ സിദ്ദീഖിനോട് നബി(സ) ആവശ്യപ്പെട്ടു. അദ്ദേഹം അപ്രകാരം ചെയ്തു. ചുറ്റും കൂടിനിന്ന സഹാബികൾ തക്ബീർ ധ്വനികൾ മുഴക്കി.

സമ്പൂർണ ഇസ്ലാമിക കുടുംബമായതിനാലും ഇളയമ്മ ആഇശ(റ)യെ ചുറ്റിപ്പറ്റി വളർന്നതിനാലും നബിയുമായും സ്വഹാബികളുമായും ഇടപഴകി ജീവിച്ചതിനാലും പള്ളിയിലും പഠനസദസുകളിലുമായി ബാല്യകാലം കഴിച്ചുകൂട്ടിയതിനാലും എളുപ്പത്തിൽ ഇസ്ലാമിക വിജ്ഞാനം ആർജിക്കാനായി. ഖുർആൻ മനപാഠമാക്കുകയും ചെയ്തു. അധികനേരവും പള്ളിയിലായിരിക്കും. 'പള്ളി പ്രാവ്' എന്ന് ജനം അദ്ദേഹത്തെപ്പറ്റി പറയാറുണ്ടായിരുന്നു.

നീണ്ട സമയമെടുത്താണ് നമസ്കാരം നിർവഹിക്കുക. ഉഷ്ണകാലത്തും ദിവസങ്ങളോളം നോമ്പനുഷ്ഠിക്കും. തുടർച്ചയായി ഹജ്ജ് ചെയ്യും. ഇതൊക്കെയായിരുന്നു ജീവിത ചര്യകൾ. വാഗ്മിയായും അറിയപ്പെട്ടു. ഇസ്ലാമിലെ ആദ്യകാല ത്യാഗിവര്യന്മാരോടൊത്തു ജീവിച്ചതിനാൽ ധൈര്യവും സ്ഥൈര്യവും വേണ്ടുവോളം. ധീരവനിതയെന്ന് അറിയപ്പെട്ട അസ്മാഇന്റെ മകൻ അബ്ദുല്ല സാഹസികനായി വളർന്നതിൽ അത്ഭുതമില്ല. എതിരാളികളെ നേരിടുമ്പോൾ പാറക്കെട്ട് പോലെ ഉറച്ച് നിൽക്കും. യുദ്ധങ്ങളിലൊക്കെ പങ്കെടുത്തിരുന്നതിനാൽ യുദ്ധതന്ത്രം നല്ല വശമായിരുന്നു.

ഉസ്മാന്റെ(റ) കാലത്ത് ചരിത്രപ്രസിദ്ധമായ ആഫ്രിക്കൻ യുദ്ധം നടക്കുന്ന സമയം. ന്യൂനപ

ക്ഷമായ മുസ്‌ലിം സൈന്യം നിമിഷങ്ങൾക്കകം നാമാവശേഷമായേക്കുമെന്ന് ആശങ്ക ശക്തിപ്പെട്ട സന്ദർഭത്തിൽ സവിശേഷമായ യുദ്ധതന്ത്രത്തിലൂടെ ബഹുഭൂരിപക്ഷം വരുന്ന ശത്രുസൈന്യത്തെ തോൽപിക്കാനായത് അബ്ദുല്ലയുടെ ബുദ്ധിവൈഭവം കൊണ്ടായിരുന്നു. മുആവിയയുടെ കാലത്തെ കോൺസ്റ്റാന്റിനോപ്പിൾ യുദ്ധത്തിലും യുദ്ധതന്ത്രം മെനയാൻ അദ്ദേഹം മുമ്പിലുണ്ട്. ഇമാം ഹുസൈൻ വധിക്കപ്പെട്ടപ്പോൾ പ്രക്ഷോഭം സംഘടിപ്പിച്ചതും അദ്ദേഹം തന്നെ. ഭരണാധികാരിയെ തെരഞ്ഞെടുക്കുന്നതിൽ ഇസ്‌ലാമിലെ ശൂറാ സമ്പ്രദായം മാറ്റിവെച്ചു, രാജാധിപത്യരീതി സ്വീകരിച്ച അമവികളുടെ അനിസ്‌ലാമികതയെ ശക്തമായി ചെറുത്തു ഹുസൈനും അബ്ദുല്ലയും.

ഹുസൈൻ വധിക്കപ്പെട്ടതിൽ രോഷാകുലരായ പൊതുജനം ഇബ്നുസ്സുബൈറിനെ ഖലീഫയായി ബൈഅത്ത് ചെയ്തു. അങ്ങനെ ഒരുകാലത്ത് ഹിജാസ്, ഈജിപ്ത്, ഇറാഖ്, ഖുറാസാൻ, യമൻ, ദമസ്കസും ജോർദാനും ഒഴിച്ചുള്ള ശാം രാജ്യങ്ങൾ എന്നിവയെല്ലാം അദ്ദേഹത്തിന്റെ അധീനതയിൽവന്നു. വൃത്താകൃതിയിലുള്ള നാണയം അദ്ദേഹം അടിച്ചിറക്കി. ഒരു വശത്ത് 'മുഹമ്മദ് റസൂലുല്ലാഹ്' എന്നും മറുവശത്ത് 'അല്ലാഹു നീതിയും വാഗ്ദത്ത പാലനവും കൽപിക്കുന്നു'വെന്നും മുദ്രണം ചെയ്തിരുന്നു അതിൽ. അമവികളുടെ ധിക്കാര നടപടികളിൽ മുമ്പേ അരിശം പൂണ്ട മദീനക്കാർ ഇതിനകം അവിടുത്തെ ഗവർണർ അടക്കമുള്ള അമവികളെ തുരത്തിയോടിച്ചിരുന്നു. ക്ഷുഭിതരായ അമവീ ഭരണകർത്താക്കൾ മദീനയിലേക്ക് സൈന്യത്തെ അയച്ചു. ഹി. 63ൽ മദീനായിലെ 'ഹർറഃ'യിൽ കടുത്ത പോരാട്ടം നടന്നു.

യസീദിന്റെ മരണാനന്തരം അധികാരത്തിൽവന്ന മർവാനും അബ്ദുൽ മലിക്കും അബ്ദുല്ലാഹിബ്നുസുബൈറിനെ തുരത്താൻ കഠിനയത്നം ചെയ്തു. അബ്ദുൽമലിക് എന്ന അമവി ഭരണാധികാരി നിഷ്ഠുരനായ ഹജ്ജാജിനെ ഇബ്നുസ്സുബൈറിനെ വകവരുത്താനായി നിയോഗിച്ചു. ഇബ്നുസ്സുബൈർ മക്കയിൽ ഉണ്ടെന്നറിഞ്ഞ് ത്വാഇഫിൽ ക്യാമ്പ് ചെയ്തു, സൈന്യം മക്ക വളഞ്ഞു. തദ്ദേശവാസികൾക്ക് ഭക്ഷണവും വെള്ളവും തടഞ്ഞു. ഇബ്നുസ്സുബൈറിന്റെ അകമ്പടി സൈനികരെ തളർത്തുകയായിരുന്നു ലക്ഷ്യം. മാസങ്ങളോളം ഈ അവസ്ഥ തുടർന്നതിനാൽ ജനങ്ങൾ കീഴടങ്ങാൻ നിർബന്ധിതരായി.

പള്ളിയും പടക്കളവും സമന്വയിപ്പിച്ചുകൊണ്ടുള്ള ആ മഹൽ ജീവിതത്തിന്റെ അന്ത്യം അടുത്തു കഴിഞ്ഞിരുന്നു. സഹായികളായി സൈനികരാരുമില്ലാതെ മിക്കവാറും ഒറ്റപ്പെടുകയായിരുന്ന ഇബ്നുസ്സുബൈറിനെ ഹജ്ജാജിന്റെ സൈന്യം നിഷ്പ്രയാസം വധിച്ചു കളഞ്ഞു. മൃതദേഹം ഉയർന്ന ഒരു സ്ഥലത്ത് നാളുകളോളം കെട്ടിത്തൂക്കിയാണ് ഹജ്ജാജ് പകപോക്കിയത്. 73 വയസ്സായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ പ്രായം.

മരണത്തിന് മുമ്പ് പരാജയം മുൻകൂട്ടികണ്ട ഇബ്നുസ്സുബൈർ കാലേക്കൂട്ടി മാതാവിനോട് കൂടിയാലോചന നടത്തിയിരുന്നു. ധീരവനിതയായറിയപ്പെട്ടിരുന്ന തൊണ്ണൂറ്റിയേഴുകാരിയായ ആ പടുകിളവി ആകാശത്തേക്ക് കൈകളുയർത്തി മകനെ അല്ലാഹുവിന്റെ വിധിക്ക് ഏൽപിച്ചു കൊടുത്തു. പിന്നെ ഇരുവരും കെട്ടിപ്പിടിച്ചു പരസ്പരം യാത്ര ചോദിച്ചു. ■